| Name | | Roll Number | |
|---|---|---|---|

# INDIAN SCHOOL MUSCAT
# MIDDLE SECTION
# HALF YEARLY EXAMINATION 2019-20

## MALAYALAM

Code: MYML05

CLASS: VII

**ANSWER KEY**

Time Allotted: 2 ½ Hrs.

26.09.2019

Max .Marks: 80

**General Instructions :**
1. **All questions are compulsory.**
2. **All answers should be written in the answer sheet provided.**

| Qns | | Marks |
|---|---|---|
| 1. | ബ്രാക്കറ്റിൽ നിന്നും ശരിയായ അർഥം തെരഞ്ഞെടുത്തെഴുതുക | 5x½= 2½ |

(ആയിരം, സന്തോഷം, പതിനായിരം, വർധിക്കുക, കാക്ക, വസിക്കുക)

1. മേവുക – വസിക്കുക
2. കനക്കുക – വർധിക്കുക
3. സഹസ്രം – ആയിരം
4. ആനന്ദം – സന്തോഷം
5. വായസം – കാക്ക

| | | |
|---|---|---|
| 2. | പര്യായം എഴുതുക | 5 x1=5 |

1. അരയന്നം – ഹംസം, മരാളം
2. നാണം – ത്രപ, ലജ്ജ, വ്രീള
3. ഹേതു – കാരണം, നിമിത്തം, മൂലം
4..അത്ഭുതം – വിസ്മയം, ആശ്ചര്യം, ചിത്രം
5. ഭർത്താവ് – കാന്തൻ, പതി, നാഥൻ

| | | |
|---|---|---|
| 3. | വിപരീതം എഴുതുക | 5x½=2½ |

1. തെളിയുക X മായുക
2. വേലിയേറ്റം X വേലിയിറക്കം
3. ആശ X നിരാശ
4. ഗൗരവം X ലാഘവം

5. രക്ഷ X ശിക്ഷ

4. ഒറ്റപ്പദം എഴുതുക 5 x1=5

1. ദുഷ്ടത കാണിക്കുന്നവൻ 2. തെറ്റും കുറ്റവും – തെറ്റുകുറ്റങ്ങൾ

3. പഠിക്കുന്നതിനുള്ള പുസ്തകം – പാഠപുസ്തകം 4. രാവും പകലും – രാപകൽ

5. സത്ത് ഉള്ളവർ – സത്തുക്കൾ

5. അർത്ഥവ്യത്യാസം എഴുതുക 3 x1=3

1. ഗണം – കൂട്ടം
   കണം – കണിക
2. പാഠം – പഠിക്കേണ്ടത്
   പാടം – വയൽ
3. അർത്ഥം – ധനം
   അർധം – പകുതി

6. എതിർലിംഗമെഴുതുക 5x½=2½

1. കുമാരൻ – കുമാരി
2. മിടുക്കൻ – മിടുക്കി
3. ധനാഢ്യൻ – ധനാഢ്യ
4. നാഥൻ – നാഥ
5. ഭൃത്യൻ – ഭൃത്യ

7. ശരിയായപദം തെരഞ്ഞെടുത്തെഴുതുക 5x½=2½

1. സോധീനം, സ്വോധീനം, സ്വാധീനം ✓
2. ത്യജിക്കുക ✓, ത്യചിക്കുക, ത്യഛിക്കുക
3. മന്തിച്ചു, മന്ദിച്ചു ✓, മന്ധിച്ചു
4. പശ്ചാത്താപം ✓, പച്ചാത്താപം, പഷ്ച്ചാത്താപം
5. പുരോകതി, പുരോഗദി, പുരോഗതി ✓

8. **നാനാർഥം എഴുതുക** 5 x1=5

1. മേനി – ശരീരം, മുഖസ്തുതി
2. ചിത്രം – അത്ഭുതം, പടം, സിംഹം
3. മതി – ബുദ്ധി, തൃപ്തിയാവുക, ചന്ദ്രൻ
4. സ്നേഹം – അത്ഭുതം, പടം, സിംഹം
5. ചമയുക – ആയിത്തീരുക, അണിഞ്ഞൊരുങ്ങുക

9. **വിഗ്രഹിച്ചെഴുതുക** 5 x1=5

1. വാരിവിഹാരം – വാരിയിൽ വിഹരിക്കൽ
2. കഥാപുരുഷൻ – കഥയിലെ പുരുഷൻ
3. പിതൃഭക്തി – പിതാവിനോടുള്ള ഭക്തി
4. സംഗീതോപകരണം – സംഗീതത്തിനുപയോഗിക്കുന്ന ഉപകരണം
5. അതിമോദം – അതിയായ മോദം

10. **പിരിച്ചെഴുതുക** 5 x1=5

1. ദിനന്തോറും – ദിനം + തോറും
2. വിത്തത്തിൽ – വിത്തം + ഇൽ
3. വന്നില്ലത്രേ – വന്നില്ല + അത്രേ
4. ശതമാകിൽ – ശതം + ഇൽ
5. ശീതത്തെപ്പൂണ്ട് – ശീതത്തെ + പൂണ്ട്

11. **ചേർത്തെഴുതുക** 3 x 1=3

1. ഒരു + അംഗം – ഒരംഗം
2. ബ്രഹ്മം + അതുതന്നെ
3 മനസ്സിന് + ഒരു – മനസ്സിനൊരു

12. **വാക്യത്തിൽ പ്രയോഗിക്കുക** 2x1½=3

1. പച്ചപിടിച്ചു നിൽക്കുക
2. ശ്രദ്ധയിൽ പെടുക

13. **പ്രയോഗം മാറ്റുക** 3 x 1=3

1. കാക്ക അരയന്നത്തെ വെല്ലുവിളിച്ചു – അരയന്നം കാക്കയാൽ വെല്ലുവിളിക്കപ്പെട്ടു
2..സഞ്ചാരികൾ ചിത്രപ്രദർശനം നടത്തി – ചിത്രപ്രദർശനം സഞ്ചാരികളാൽ നടത്തപ്പെട്ടു
3. കേട്ടെഴുത്ത് അധ്യാപകനാൽ നടത്തപ്പെട്ടു – അധ്യാപകൻ കേട്ടെഴുത്ത് നടത്തി

14. **പകരംപദം എഴുതുക** 2x ½=1

1. കണ്ണു കണാത്തവൻ - അന്ധൻ
2. സംസാരിക്കാൻ കഴിയാത്തവൻ _ മൂകൻ

15. **ചേരുംപടി ചേർക്കുക** 5x½=2½

1. കൃഷ്ണഗാഥ - സ്വർണവും മനുഷ്യനും - 2
2. മുട്ടസ്സ് നമ്പൂതിരി - എൻെറ കുട്ടിക്കാലം - 4
3. ജ്ഞാനപ്പാന - കാകൻെറ അഹങ്കാരം -5
4. മിസ്റ്റർ ഗയിൽസ് - കുങ്കുമം ചുമക്കുന്ന കഴുത -3
5. വൈശ്യതനയന്മാർ - മഞ്ഞുകാലം - 1

16. **ഒറ്റവാക്കിൽ ഉത്തരമെഴുതുക** 5 x 1=5

1. ശല്യർ.
2. മഞ്ഞ്
3. ഗാന്ധിജി
4. പൂരത്തിന്
5. കെറ്റിൽ'

17. **കവിത പൂരിപ്പിക്കുക** 1 x 5=5

ശീതം തഴച്ചോരു ഹേമന്തകാലവും
ആമന്ദം പോന്നിങ്ങു വന്നുതപ്പോൾ,
പാലാഴിത്തൂവെള്ളം തൂകുന്നപോലെ നൽ-
പ്രാലേയം തൂകിത്തുടങ്ങീതെങ്ങും.
ചണ്ഡനായുള്ളൊരു പങ്കജനാഥന്തൻ
മണ്ഡലം മങ്ങിച്ചമഞ്ഞുകൂടി;
കെല്പില്ലയാതോർക്കുമൊപ്പുണ്ടായ് മേവുകിൽ
കെല്പരെ വെന്നിടാമെന്നേയുള്ളൂ.
വാരുറ്റ കാന്തി കലർന്നൊരു വാരിജ-
മോരോന്നേ മങ്ങിമയങ്ങീതപ്പോൾ;
കാന്തനു കാന്തി കുറഞ്ഞതു കാണുമ്പോൾ
കാന്തമാർ കാന്തിയും മങ്ങുമല്ലോ.

18. **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക** 5x½=2½

1. താമരയുടെ ഭർത്താവായി കവി പറയുന്നത് ആരെയാണ്?

✓

(ചന്ദ്രൻ, സൂര്യൻ, നക്ഷത്രം

2. സത്യം എന്നത് എന്താണെന്നാണ് കവി പറയുന്നത്?

✓

(ബ്രഹ്മം, ആശ, പാശം)

3. അടുത്തിരുന്ന കുട്ടിയുടെ പുസ്തകം നോക്കിയെഴുതാൻ ആരാണ് ഗാന്ധിജിയോട് നിർദേശിച്ചത്?

✓

(ചങ്ങാതിമാർ, അധ്യാപകൻ, അച്ഛൻ)

4. മഞ്ഞുവീണപ്പോൾ താമരകൾക്ക് എന്ത് സംഭവിച്ചു?

✓

(തെളിഞ്ഞു, വിടർന്നു, വാടി)

5. കുങ്കുമത്തിൻെറ ഗന്ധം അറിയാതെ കുങ്കുമം ചുമക്കുന്നതാര്?

✓

(ഗജം, ഗർദഭം, അശ്വം)

19. **ഉത്തരം എഴുതുക** 6 x2=12

1. ശീതത്തെ തടയാനായി എല്ലാവരും കൈത്തലം കൊണ്ട് മാറത്ത് സ്വസ്തികാബന്ധം തുടങ്ങി. നല്ല പഞ്ഞിയിൽ തീർത്ത പുതപ്പുകൾ അണിഞ്ഞു. ഉദ്യാനത്തിൽ കളിക്കാൻ ആർക്കും താത്പര്യം ഇല്ലാതായി. വെള്ളത്തിലുള്ള കളികളും മതിയാക്കി.

2. പൂരത്തിനെത്തിയവർ മറ്റുള്ളവരെ കാണിക്കുന്നതിനായി ആവുന്നത്ര ആഭരണങ്ങളണിഞ്ഞായിരുന്നു വന്നിരുന്നത്. നമ്പൂതിരിയും ഭാര്യയും ആഭരണങ്ങളണിഞ്ഞിട്ടില്ലായിരുന്നു. അതുകൊണ്ട് തറവാട്ടിൽ എത്ര സ്വത്തുണ്ടെന്നറിയാൻ ആധാരപ്പെട്ടി തുറന്നു നോക്കിയാൽ മതി എന്ന് നമ്പൂതിരി പറയുന്നു. ഇതിലൂടെ വാരിവലിച്ച് ആഭരണം ധരിച്ചു വരുന്നവരെ പരിഹസിക്കുകയാണ് അദ്ദേഹം.

3. ഗാന്ധിജിക്ക് അച്ഛൻ സമ്മാനിച്ച പുസ്തകത്തിലെ ശ്രാവണൻെറ പിതൃഭക്തിയും ത്യാഗവും ഗാന്ധിജിയെ വളരെയേറെ സ്വാധീനിച്ചു. ഇത് സ്വന്തം ജീവിതത്തിൽ മാതൃകയാക്കണമെന്ന് അദ്ദേഹം തീരുമാനിച്ചു.

4. അഹങ്കാരത്തോടെ അരയന്നങ്ങളോടൊപ്പം സമുദ്രത്തിന് മുകളിലൂടെ പറന്ന കാകൻ കുറച്ച് പറന്ന് കഴിഞ്ഞപ്പോൾ ചിറക് കുഴഞ്ഞ് വെള്ളത്തിൽ പിടഞ്ഞുവീണു.

5. പള്ളിക്കൂടത്തിൽ മണിയടിക്കുമ്പോൾ ക്ലാസ്സിലെത്തുകയും സ്കൂൾ വിട്ടാലുടൻ വീട്ടിലേക്കോടുകയും ചെയ്യുന്നതായിരുന്നു ഗാന്ധിജിയുടെ ദിനചര്യ.
6. ഇന്ന് മനുഷ്യർ ആഭരണങ്ങളോട് വലിയ ഭ്രമം കാണിക്കുന്നവരാണ്. വില കൂടിയ ആഭരണങ്ങളും വസ്ത്രങ്ങളും ധരിച്ചാൽ താൻ കേമനാകുമെന്ന് കരുതുന്നവരാണ് ഇവർ. ഈ കഥയിലൂടെ ഇങ്ങനെ പൊങ്ങച്ചം കാണിച്ചു നടക്കുന്ന ആളുകളെ പരിഹസിക്കുകയാണ് ചെയ്യുന്നത്.

20. **താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** 5 x 1=5

1. അരുൺ തിവാരിയുടെ സഹായത്തോടെ അബ്ദുൽ കലാം ഇംഗ്ലീഷ് ഭാഷയിൽ രചിച്ച 'വിങ്സ് ഓഫ് ഫയർ' എന്ന ഗ്രന്ഥത്തിൻെറ മലയാള പരിഭാഷയാണിത്.
2. "സത്യസന്ധതയും അച്ചടക്കവും എനിക്ക് എൻെറ മാതാപിതാക്കളിൽ നിന്നും ലഭിച്ചതാണ്, എന്നാൽ ശുഭാപ്തി വിശ്വാസവും, ദയാവായ്പും എനിക്ക് കിട്ടിയത് എൻെറ മൂന്ന് സഹോദരന്മാരിൽ നിന്നും സഹോദരിയിൽ നിന്നുമാണ്".
3. ഭൗതിക ശാസ്ത്രത്തിലും ബഹിരാകാശ എഞ്ചിനീയറിങ്ങിലും ബിരുദം നേടിയ അദ്ദേഹം അധ്യാപകൻ, ശാസ്ത്രജ്ഞൻ, പ്രഭാഷകൻ, എഴുത്തുകാരൻ എന്നീ നിലകളിലെല്ലാം സേവനമനുഷ്ഠിച്ചു.
4. സ്വപ്നങ്ങളും ലക്ഷ്യങ്ങളുമില്ലാത്തത് കുറ്റമാണെന്നും കഠിനാധ്വാനത്തിലൂടെ മാത്രമേ വിജയം നേടാനാവൂ എന്നും അദ്ദേഹം നമുക്കു നൽകിയ പാഠമാണ്. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടുത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള വിനോദമായിരുന്നു.
5. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടുത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള വിനോദമായിരുന്നു.

.......................................................................................................